# വിജ്ഞാപനം

## സാമൂഹ്യനീതി വകുപ്പ്

C2-4873/19

അപേക്ഷ സ്വീകരിക്കുന്ന
അവസാന തീയതി : 30.09.2019.

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർഗ്ഗവാസനയും കലാഭിരുചിയും പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ 2019 ഒക്ടോബർ മാസം സംഘടിപ്പിക്കുന്ന "വർണ്ണപ്പകിട്ട് 2019 " കലോത്സവത്തിൽ സമൂഹത്തിൽ വിവിധ മേഖലകളിൽ (സിനിമ മേഖല ഒഴികെ) കഴിവ് തെളിച്ച 10 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫോം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും ലഭ്യമാണ്. അവാർഡിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുടെ അപേക്ഷയും നോമിനേഷനുകളും 2019 സെപ്റ്റംബർ 30 നകം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.sjd.kerala.gov.in ലും ലഭ്യമാണ്.



സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

AN

## അപേക്ഷ ഫാറം

### വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവാർഡ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1. | പേര് | : | |
| 2. | ജനന തീയതി | : | |
| 3. | ജനന സ്ഥലം | : | |
| 4. | വിദ്യാഭ്യാസ യോഗ്യത | : | |
| 5. | ഫോൺ നമ്പർ | : | |
| 6. | ട്രാൻസ്ജെൻഡർ ID കാർഡ് നമ്പർ | : | |
| 7. | സ്ഥിര മേൽവിലാസം | : | |
| 8. | പ്രവർത്തന മേഖല | : | |
| 9. | വ്യക്തിയുടെ ജീവചരിത്രം (വിശദ വിവരങ്ങൾ ഉള്ളടക്കം ചെയ്യേണ്ടതാണ്) ഫോട്ടോ, CD, പുസ്തകം, പത്ര റിപ്പോർട്ട്, എന്നിവ അഭികാമ്യം. | : | |
| 10. | പുരസ്കാരാർഹമായ സേവനങ്ങൾ | : | |
| 11. | മറ്റ് അവാർഡുകൾ ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരം | : | |

### സത്യവാങ്മൂലം

മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു

**സ്ഥലം:**

**തീയതി:**

**അപേക്ഷിക്കുന്ന വ്യക്തിയുടെ/നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയുടെ/സംഘടനയുടെ പേരും ഒപ്പും**

(മറുപുറം)

AN

വ്യക്തികൾക്കും, സംഘടനകൾക്കും മേൽസൂചിപ്പിച്ച മേഖലകളിലും സ്തുത്യർഹമായി പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികളെ അവാർഡിനായി നാമനിർദേശം ചെയ്യാവുന്നതാണ്. അപേക്ഷകളും നോമിനേഷനുകളും ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി 30 സെപ്റ്റംബർ 2019 ആണ്.

**അവാർഡിന് തെരഞ്ഞെടുക്കുന്നതിന് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങൾ ഉണ്ടായിരിക്കുന്നതാണ്.**

1. അപേക്ഷകൻ/അപേക്ഷക ജീവിച്ചിരിക്കുന്ന ആളായിരിക്കണം.
2. കഴിഞ്ഞ 3 വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരായിരിക്കണം.
3. അപേക്ഷകരുടെ പ്രവർത്തനങ്ങൾ {കല, (സിനിമ മേഖല ഒഴികെ) സാഹിത്യം, സാമൂഹ്യസേവനം, ശാസ്ത്രരംഗം, വിദ്യാഭ്യാസമേഖല, ഭരണമികവ്, സംരംഭകത്വം എന്നിവ} ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ദൃശ്യതയ്ക്കും, സാമൂഹ്യ അംഗീകാരത്തിനും വേണ്ടി പ്രയത്നിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അതിജീവിച്ച് നേട്ടങ്ങളാർജ്ജിച്ച ട്രാൻസ്ജെൻഡർ വ്യക്തികൾക്കും മുൻഗണന ഉണ്ടായിരിക്കും.
5. ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം.